# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2251** — 18.07.2016-ൽ മറുപടിക്ക്

## ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഗൃഹശ്രീ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്.<br>സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനെയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്താക്കളുടെ ഭാഗത്ത് നിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 2700 ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിവഴി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 1. കുറഞ്ഞത് രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ, സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്.<br><br>2. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ) അർഹരാണ്.<br><br>3. കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്.<br><br>നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു തവണകളായി ഗഡുക്കൾ ലഭിക്കുന്നതിന് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. |

Subhash

സെക്ഷൻ ഓഫീസർ